**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **12-09-2023 - ൽ മറുപടിയ്ക്ക്**

**തുല്യതാ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകൾ കോഴ്സുകൾ പരസ്പരം അംഗീകരിക്കാത്ത സാഹചര്യത്തിൽ തുല്യതാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്.<br><br>കോഴ്സുകളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് യു.ജി.സി യുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്ന പരിഹാരത്തിന് സംസ്ഥാനതലത്തിൽ എല്ലാ വൈസ് ചാൻസലർമാരും ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC) ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തിച്ചുവരുന്നു. ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഹാൻഡ്ബുക്കും സംസ്ഥാന സർക്കാർ 13.11.2018 തീയതിയിലെ സ.ഉ(സാധാ)നം. 272/2018/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയമിച്ച കമ്മീഷനുകൾ തുല്യത സംബന്ധിച്ച് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ